പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 270

# 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 270

# 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ

901/2025.

# 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ

1972-ലെ വന്യജീവി (സംരക്ഷണം) ആക്റ്റ് കേരള സംസ്ഥാനത്തിന് ബാധകമാകുന്നിടത്തോളം ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

## ബിൽ

പീഠിക.—1972-ലെ വന്യജീവി (സംരക്ഷണം) ആക്റ്റ് കേരള സംസ്ഥാനത്തിന് ബാധകമാകുന്നിടത്തോളം ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 11-ാം വകുപ്പിനുള്ള ഭേദഗതി.—1972-ലെ വന്യജീവി (സംരക്ഷണം) ആക്റ്റിലെ (1972-ലെ 53-ാം കേന്ദ്ര ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 11-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(1) (എ) ഖണ്ഡത്തിൽ,—

(i) രണ്ടാം ക്ലിപ്തനിബന്ധനയ്ക്കു ശേഷം, താഴെപ്പറയുന്ന ക്ലിപ്തനിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നു മാത്രമല്ല, അങ്ങനെയുള്ള ഒരു വന്യമൃഗം ഏതെങ്കിലും ആളെ ആക്രമിക്കുകയും അയാൾക്ക് ഗുരുതരമായ പരിക്കുകൾ ഏൽപ്പിക്കുകയോ അതിനിടയാക്കുകയോ ചെയ്യുകയോ അല്ലെങ്കിൽ വിവിധ ആവശ്യങ്ങൾക്കായി സാധാരണയായി ജനങ്ങൾ ഒരുമിച്ചു കൂടുന്ന ഒരു പൊതുസ്ഥലത്തോ ഒരു ജനവാസ

മേഖലയിലോ അങ്ങനെയുള്ള മൃഗത്തെ കാണുകയോ ചെയ്യുന്നപക്ഷം, ചീഫ് വൈൽഡ് ലൈഫ് വാർഡന്, ജില്ലാ കളക്ടറിൽ നിന്നോ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിൽ നിന്നോ ഉള്ള ഒരു റിപ്പോർട്ടിന്മേൽ, കാലതാമസം കൂടാതെ, രേഖാമൂലമുള്ള ഉത്തരവിലൂടെ അതിനുള്ള കാരണങ്ങൾ പ്രസ്താവിച്ചുകൊണ്ട് അങ്ങനെയുള്ള മൃഗത്തെ കൊല്ലുന്നതിനോ മയക്കുന്നതിനോ പിടികൂടുന്നതിനോ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുന്നതിനോ ഏതൊരാൾക്കും അനുവാദം നൽകുകയോ അല്ലെങ്കിൽ അങ്ങനെയുള്ള മൃഗത്തെ കൊല്ലിയ്ക്കുന്നതിനോ മയക്കപ്പെടുന്നതിനോ പിടികൂടപ്പെടുന്നതിനോ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റപ്പെടുന്നതിനോ ഇടയാക്കുകയോ ചെയ്യാവുന്നതാണ്.".

(ii) നിലവിലുള്ള വിശദീകരണം, വിശദീകരണം 2 ആയി പുനരക്കം ചെയ്യേണ്ടതും, അപ്രകാരം പുനരക്കം ചെയ്ത വിശദീകരണം 2-ന മുൻപായി, താഴെപ്പറയുന്ന വിശദീകരണം ചേർക്കേണ്ടതുമാണ്, അതായത്:—

"വിശദീകരണം 1.— (എ) ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്കായി,—

(എ) അങ്ങനെയുള്ള ഏതെങ്കിലും വന്യമൃഗം വനത്തിനോ സംരക്ഷിത പ്രദേശത്തിനോ പുറത്ത് ഏതെങ്കിലും ആളെ ആക്രമിക്കുകയോ വനത്തിന്റെയോ സംരക്ഷിത പ്രദേശത്തിന്റെയോ അതിർത്തിക്ക് പുറത്ത് ഒരു ജനവാസ മേഖലയിൽ അതിനെ കാണപ്പെടുകയോ ചെയ്യുമ്പോൾ ഒരു വന്യമൃഗം "മനുഷ്യജീവന് അപകടകരം" ആകുന്നതാണ്;

(ബി) "ജനവാസ മേഖല" എന്ന പദപ്രയോഗത്തിന്, ജനങ്ങൾ താമസിക്കുന്ന ഏതെങ്കിലും ഭൂപ്രദേശം എന്നർത്ഥമാകുന്നു.".

(2) (ബി) ഖണ്ഡത്തിനുശേഷം, താഴെപ്പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(സി) ചീഫ് വൈൽഡ് ലൈഫ് വാർഡന്, പട്ടിക II-ൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും വന്യമൃഗത്തിന്റെ എണ്ണം ഏതെങ്കിലും പ്രദേശത്ത് വളരെയേറെ വർദ്ധിച്ചിട്ടുണ്ടെന്നും ആയത് മനുഷ്യജീവനോ വസ്തുവകകൾക്കോ (ഏതെങ്കിലും ഭൂമിയിലുള്ള നിൽപു വിളകൾ ഉൾപ്പെടെ) അപകടകരമായിത്തീർന്നിട്ടുണ്ടെന്നും ബോദ്ധ്യപ്പെടുന്ന പക്ഷം, അങ്ങനെയുള്ള മൃഗങ്ങളെ കൊല ചെയ്യാതെ എണ്ണം നിയന്ത്രിക്കുകവഴിയോ ജനന നിയന്ത്രണത്തിലൂടെയോ അല്ലെങ്കിൽ അങ്ങനെയുള്ള മൃഗങ്ങളെ മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറ്റിക്കൊണ്ടോ ശാസ്ത്രീയ നിയന്ത്രണം നടത്തുന്നതിനുള്ള അനുയോജ്യമായ ഏതൊരു നടപടിയും സ്വീകരിക്കാവുന്നതാണ്." .

3. 62-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 62-ാം വകുപ്പിൽ, നിലവിലുള്ള വ്യവസ്ഥ ആ വകുപ്പിന്റെ (1)-ാം ഉപവകുപ്പായി അക്കമിടേണ്ടതും, അപ്രകാരം അക്കമിട്ട (1)-ാം ഉപവകുപ്പിനു ശേഷം, താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

"(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, സർക്കാർ നിയമിച്ച ഒരു വിദഗ്ദ്ധ സമിതി സമർപ്പിച്ച ഏതെങ്കിലും ശാസ്ത്രീയ പഠന റിപ്പോർട്ടും ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ റിപ്പോർട്ടും പ്രകാരം, പട്ടിക II-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും വന്യമൃഗത്തിന്റെ എണ്ണം വർദ്ധിക്കുകയും ആയത് മനുഷ്യജീവനോ വസ്തുവകകൾക്കോ (വനത്തിന്റെയോ സംരക്ഷിത പ്രദേശങ്ങളുടെയോ അതിർത്തിക്കു പുറത്തുള്ള ഏതെങ്കിലും ഭൂമിയിലെ നിൽപു വിളകൾ ഉൾപ്പെടെ) അപകടകരമായിതീരുകയും ചെയ്തിട്ടുണ്ടെന്ന് സംസ്ഥാന സർക്കാരിന് അഭിപ്രായമുള്ള പക്ഷം, സംസ്ഥാന സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, അങ്ങനെയുള്ള ഏതൊരു മൃഗത്തെയും സംസ്ഥാനത്തെ ഏതൊരു പ്രദേശത്തേയ്ക്കും, ഒരു സമയം ആറു മാസത്തിൽ കൂടുതലല്ലാത്ത അങ്ങനെയുള്ള കാലയളവിലേയ്ക്കും, ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാവുന്നതും, അങ്ങനെയുള്ള വന്യമൃഗം വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള അങ്ങനെയുള്ള പ്രദേശത്തിനുവേണ്ടിയും അങ്ങനെയുള്ള കാലയളവിലേയ്ക്കും പട്ടിക II-ൽ ഉൾപ്പെട്ടിട്ടില്ലാത്തതായി കരുതപ്പെടേണ്ടതുമാണ്:

എന്നാൽ, (2)-ാം ഉപവകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച അങ്ങനെയുള്ള ഏതൊരു വിജ്ഞാപനവും, അത് പുറപ്പെടുവിച്ച ശേഷം, കഴിയുന്നത്രവേഗം, സംസ്ഥാന നിയമനിർമ്മാണസഭ സമ്മേളനത്തിലായിരിക്കുമ്പോൾ, സഭ മുമ്പാകെ, ഒരു സമ്മേളനത്തിലോ രണ്ടോ അതിൽ കൂടുതലോ തുടർച്ചയായ സമ്മേളനങ്ങളിലോ ആകാവുന്ന വിധം ആകെ പതിനാല് ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതാണ്.".

4. പട്ടിക I-നുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ പട്ടിക I-ൽ, ഭാഗം എ : 'സസ്തനികൾ' എന്നതിൽ, ' പ്രൈമേറ്റ്സ് എന്ന ശീർഷകത്തിൻ കീഴിൽ, "125. നാടൻ കുരങ്ങ് മക്കാക്ക റേഡിയേറ്റ" എന്ന ക്രമനമ്പരും ഉൾക്കുറിപ്പുകളും വിട്ടുകളയേണ്ടതാണ്.

5. പട്ടിക II-നുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ പട്ടിക II-ൽ, ഭാഗം എ : 'സസ്തനികൾ' എന്നതിൽ, 'പ്രൈമേറ്റ്സ് എന്ന ശീർഷകത്തിൻ കീഴിൽ, ക്രമനമ്പർ 24-നും അതിനുനേരെയുള്ള ഉൾക്കുറിപ്പുകൾക്കും ശേഷം, താഴെപ്പറയുന്ന ക്രമനമ്പരും ഉൾക്കുറിപ്പുകളും യഥാക്രമം ചേർക്കേണ്ടതാണ്, അതായത്:—

"24 എ. നാടൻ കുരങ്ങ് മക്കാക്ക റേഡിയേറ്റ".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ഭാരതത്തിന്റെ ഭരണഘടനയുടെ അനുച്ഛേദം 252 ന അനുസൃതമായി പതിനൊന്ന് സംസ്ഥാനങ്ങളിലെ നിയമസഭകൾ പ്രമേയത്തിലൂടെ ആവശ്യപ്പെട്ട പ്രകാരം ഭരണഘടനയുടെ ഏഴാം പട്ടികയിലെ സംസ്ഥാന ലിസ്റ്റിലെ "വനങ്ങൾ", "വന്യമൃഗങ്ങളുടെയും പക്ഷികളുടെയും സംരക്ഷണം" എന്നീ സംസ്ഥാന വിഷയങ്ങളിന്മേൽ, 1972-ലെ വന്യജീവി (സംരക്ഷണം) ആക്റ്റ് (1972-ലെ 53-ാം കേന്ദ്ര ആക്റ്റ്) പാർലമെന്റ് നിയമനിർമ്മാണം നടത്തിയിട്ടുള്ളതാണ്. കേരള സംസ്ഥാനം ഇത്തരം ഒരു പ്രമേയം പാസ്സാക്കിയിട്ടില്ലെങ്കിലും, ഈ ആക്റ്റ് 1973 ജൂൺ 1-ാം തീയതി മുതൽ കേരളത്തിൽ പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്.

2. ഏതെങ്കിലും വന്യമൃഗത്തെ വേട്ടയാടുന്നതിന് നിരോധനമില്ലാതിരുന്ന അക്കാലത്ത് നിലനിന്നിരുന്ന സാഹചര്യം പരിഗണിച്ചുകൊണ്ടാണ് ആക്റ്റ് പാസാക്കിയിട്ടുള്ളത്. വന്യമൃഗങ്ങളും പക്ഷികളും ദ്രുതഗതിയിൽ കുറയുന്നതും, രാജ്യത്ത് ചില ജീവിവർഗങ്ങൾക്ക് വംശനാശം സംഭവിച്ചതും, കൂടാതെ അന്ന് നിലവിലുണ്ടായിരുന്ന സാഹചര്യം കൈകാര്യം ചെയ്യുവാൻ സംസ്ഥാന നിയമങ്ങൾ പര്യാപ്തമല്ലാതിരുന്നതും കൂടി കേന്ദ്ര സർക്കാർ പരിഗണിച്ചിട്ടുണ്ട്.

3. നിയമനിർമ്മാണം നടത്തി വളരെക്കാലത്തിനുശേഷം, സംസ്ഥാനത്ത് നിരവധി ഇനത്തിലുള്ള വന്യമൃഗങ്ങളുടെയും പക്ഷികളുടെയും എണ്ണം വർദ്ധിക്കുകയും അത് തുടർച്ചയായ മനുഷ്യ-മൃഗ സംഘർഷങ്ങൾക്കും മനുഷ്യരുടെ മരണത്തിനും വിളനാശത്തിനും കാരണമായിട്ടുള്ളതുമാണ്.

4. 1976-ലെ ഭാരതത്തിന്റെ ഭരണഘടനയുടെ 42-ാം ഭേദഗതി പ്രകാരം, മേൽപ്പറഞ്ഞ നിയമനിർമ്മാണ വിഷയങ്ങൾ ഭാരതത്തിന്റെ ഭരണഘടനയുടെ ഏഴാം പട്ടികയിലെ സമവർത്തി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതും, ആയതു പ്രകാരം, മേൽ വിഷയത്തിൽ നിയമനിർമ്മാണം നടത്തുവാൻ സംസ്ഥാന നിയമസഭയ്ക്ക് അധികാരമുള്ളതുമാണ്. അതിനാൽ, വർധിച്ചുവരുന്ന മനുഷ്യ-മൃഗ സംഘർഷങ്ങളും മനുഷ്യജീവനും സ്വത്തുക്കളും നഷ്ടപ്പെടുന്നതും കൈകാര്യം ചെയ്യുന്നതിനായി, കേന്ദ്ര നിയമത്തിൽ ചില സംസ്ഥാന ഭേദഗതികൾ വരുത്താൻ സർക്കാർ തീരുമാനിച്ചു. സാധാരണയായി ജനങ്ങൾ ഒരുമിച്ചു കൂടുന്ന പൊതുസ്ഥലത്തോ ഒരു ജനവാസ മേഖലയിലോ ഏതെങ്കിലും വന്യമൃഗം ഏതെങ്കിലും ആളെ ആക്രമിക്കുകയും ഗുരുതരമായ പരിക്കുകൾ ഏൽപ്പിക്കുകയും ചെയ്താൽ, പെട്ടെന്ന് നടപടിയെടുക്കാനും കാലതാമസം കൂടാതെ കൊല്ലുവാനുള്ള ഉത്തരവിടാനും ചീഫ് വൈൽഡ് ലൈഫ് വാർഡനെ അധികാരപ്പെടുത്തുന്നതിനാണ് നിർദ്ദിഷ്ട ഭേദഗതി പ്രധാനമായും ഉദ്ദേശിക്കുന്നത്.

5. ആക്റ്റിന്റെ 11-ാം വകുപ്പിൽ "മനുഷ്യജീവന് അപകടകരം" എന്ന വാക്കുകൾ ഉപയോഗിച്ചിട്ടുണ്ടെങ്കിലും, എപ്പോഴൊക്കെ അല്ലെങ്കിൽ, ഏത് സാഹചര്യത്തിലാണ് ഒരു വന്യമൃഗത്തെ 'മനുഷ്യജീവന് അപകടകരമായി' കണക്കാക്കേണ്ടതെന്ന് ആക്റ്റിൽ വ്യക്തമാക്കിയിട്ടില്ല. ഇക്കാര്യം വ്യക്തമാക്കുവാൻ സർക്കാർ തീരുമാനിച്ചു. ജനന നിയന്ത്രണത്തിലൂടെയോ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റികൊണ്ടോ വന്യമൃഗങ്ങളുടെ എണ്ണം നിയന്ത്രിക്കുന്നതിനും കൂടി തീരുമാനിച്ചു.

6. ആക്റ്റിന്റെ പട്ടിക II-ലുള്ള ഏതെങ്കിലും വന്യമൃഗത്തെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരം നൽകാനും ബിൽ വ്യവസ്ഥ ചെയ്യുന്നു. 'നാടൻ കുരങ്ങ്' എന്ന ജീവിവർഗ്ഗത്തെ ആക്റ്റിന്റെ പട്ടിക I-ൽ നിന്ന് ഒഴിവാക്കി പട്ടിക II-ൽ ഉൾപ്പെടുത്താനും തീരുമാനിച്ചു.

7. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിന്റെ 3-ാം ഖണ്ഡം പ്രകാരം 1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിന്റെ 62-ാം വകുപ്പിൽ ചേർക്കാനുദ്ദേശിക്കുന്ന (2)-ാം ഉപവകുപ്പ്, ആക്റ്റിന്റെ പട്ടിക II-ലെ ഏതെങ്കിലും വന്യമൃഗത്തെ ക്ഷുദ്രജീവിയായി പ്രഖ്യാപിച്ചുകൊണ്ടുള്ള വിജ്ഞാപനം പുറപ്പെടുവിക്കാൻ സംസ്ഥാന സർക്കാരിനെ അധികാരപ്പെടുത്തുന്നു.

2. ഏത് കാര്യത്തെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കാവുന്നത് അവ നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും ഭരണപരമായ സ്വഭാവത്തോടുകൂടിയതും ആകുന്നു. കൂടാതെ, വിജ്ഞാപനം നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ, ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സാധാരണ സ്വഭാവത്തോടു കൂടിയതാണ്.

എ. കെ. ശശീന്ദ്രൻ.

//ശരിത്തർജ്ജമ//

## 1972-ലെ വന്യജീവി (സംരക്ഷണം) ആക്റ്റിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ (1972-ലെ 53-ാം കേന്ദ്ര ആക്റ്റ്)

** ** ** **

11. ചില സാഹചര്യങ്ങളിൽ വന്യമൃഗങ്ങളെ വേട്ടയാടുന്നത് അനുവദിക്കാവുന്നതാണെന്ന്.—(1) തൽസമയം പ്രാബല്യത്തിലുള്ള മറ്റ് ഏതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, അദ്ധ്യായം IV-ലെ വ്യവസ്ഥകൾക്കു വിധേയമായും,—

(എ) പട്ടിക I-ൽ വിനിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും വന്യമൃഗം മനുഷ്യജീവന് അപകടകരമായിത്തീർന്നിട്ടുണ്ടെന്നോ അങ്ങനെ അശക്തനാണെന്നോ വീണ്ടെടുക്കാൻ കഴിയാത്തവിധം വൈകല്യമുള്ളതോ രോഗബാധിതമാണെന്നോ ചീഫ് വൈൽഡ് ലൈഫ് വാർഡന് ബോദ്ധ്യപ്പെടുന്ന പക്ഷം, രേഖാമൂലമുള്ള ഉത്തരവിലൂടെയും അതിനുള്ള കാരണങ്ങൾ പ്രസ്താവിച്ചുകൊണ്ടും, അങ്ങനെയുള്ള മൃഗത്തെ വേട്ടയാടാൻ ഏതൊരാളെയും അനുവദിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള മൃഗത്തെ വേട്ടയാടപ്പെടാൻ ഇടയാക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ, ചീഫ് വൈൽഡ് ലൈഫ് വാർഡന് അങ്ങനെയുള്ള വന്യമൃഗത്തെ പിടികൂടുവാനോ മയക്കുന്നതിനോ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുന്നതിനോ കഴിയില്ലെന്ന് ബോദ്ധ്യപ്പെടാത്തപക്ഷം, അങ്ങനെയുള്ള വന്യമൃഗത്തെ കൊല്ലാൻ ഉത്തരവിടാൻ പാടില്ലാത്തതാണ്:

എന്നുമാത്രമല്ല, ചീഫ് വൈൽഡ് ലൈഫ് വാർഡന് അങ്ങനെയുള്ള മൃഗത്തെ വനത്തിൽ പുനരധിവസിപ്പിക്കാൻ കഴിയില്ലെന്ന് ബോദ്ധ്യപ്പെടാത്തപക്ഷവും അതിനുള്ള കാരണങ്ങൾ രേഖപ്പെടുത്താതെയും പിടിക്കപ്പെട്ട അങ്ങനെയുള്ള മൃഗത്തെ ബന്ധനത്തിൽ സൂക്ഷിക്കാൻ പാടില്ലാത്തതാണ്.

വിശദീകരണം:—(എ) ഖണ്ഡത്തിന്റെ ആവശ്യങ്ങൾക്കായി, അങ്ങനെയുള്ള മൃഗത്തെ പിടികൂടുന്നതിനോ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുന്നതിനോ ഉള്ള പ്രക്രിയ, അതതുസംഗതിപോലെ, ആ മൃഗത്തിന് ഏറ്റവും കുറഞ്ഞ ആഘാതം വരുത്തുന്ന അങ്ങനെയുള്ള രീതിയിൽ ആയിരിക്കേണ്ടതാണ്.

(ബി) പട്ടിക II-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും വന്യമൃഗം മനുഷ്യജീവനോ വസ്തുവകകൾക്കോ (ഏതെങ്കിലും ഭൂമിയിലെ നിൽപു വിളകൾ ഉൾപ്പെടെ) അപകടകരമായിത്തീരുകയും ചെയ്തിട്ടുണ്ടെന്നോ വീണ്ടെടുക്കാൻ കഴിയാത്തവിധം വൈകല്യമുള്ളതോ രോഗബാധിതമായതോ ആണെന്നോ ബോദ്ധ്യപ്പെടുന്നപക്ഷം, ചീഫ് വൈൽഡ് ലൈഫ് വാർഡനോ പ്രാധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ, രേഖാമൂലമുള്ള

ഉത്തരവിലൂടെയും അതിനുള്ള കാരണങ്ങൾ പ്രസ്താവിച്ചുകൊണ്ടും, ഒരു നിർദ്ദിഷ്ട പ്രദേശത്ത് അങ്ങനെയുള്ള മൃഗത്തെയോ മൃഗങ്ങളുടെ കൂട്ടത്തെയോ വേട്ടയാടാൻ ഏതെങ്കിലും വ്യക്തിയെ അനുവദിക്കുകയോ ആ നിർദ്ദിഷ്ട പ്രദേശത്ത് അങ്ങനെയുള്ള മൃഗത്തെയോ മൃഗങ്ങളുടെ കൂട്ടത്തെയോ വേട്ടയാടപ്പെടാൻ ഇടയാക്കുകയോ ചെയ്യാവുന്നതാണ്.

** ** ** **

62. <u>ചില വന്യമൃഗങ്ങളെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കൽ</u>.— കേന്ദ്ര സർക്കാരിന്, വിജ്ഞാപനം വഴി പട്ടിക II-ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും വന്യമൃഗത്തെ ഏതെങ്കിലും പ്രദേശത്തിനായി അതിൽ പറഞ്ഞിട്ടുള്ള അങ്ങനെയുള്ള കാലയളവിലേക്ക് ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാവുന്നതും, അങ്ങനെയുള്ള വിജ്ഞാപനം പ്രാബല്യത്തിൽ ഉള്ളിടത്തോളം വിജ്ഞാപനത്തിൽ പറഞ്ഞിട്ടുള്ള അങ്ങനെയുള്ള പ്രദേശത്തേയ്ക്കും അങ്ങനെയുള്ള കാലയളവിലേയ്ക്കും അങ്ങനെയുള്ള വന്യമൃഗം പട്ടിക II-ൽ ഉൾപ്പെട്ടിട്ടില്ലാത്തതായി കരുതപ്പെടേണ്ടതുമാണ്.

** ** ** **

## <u>പട്ടിക-I</u>

(9, 11, 12, 38-I, 39, 40, 40A, 41, 42, 42A, 43, 48, 48A, 50, 51, 51A, 57 വകുപ്പുകളും അദ്ധ്യായം V-A-യും കാണുക)

### ഭാഗം <u>എ</u>: സസ്തനികൾ

| ക്രമ നം. | പൊതുവായ നാമം | ശാസ്ത്രീയ നാമം |
|---|---|---|
| ** | ** | ** ** |
| | പ്രൈമേറ്റ്സ് | |
| ** | ** | ** ** |
| 125. | നാടൻ കുരങ്ങ് | മക്കാക്ക റേഡിയേറ്റ |
| ** | ** | ** ** |

## പട്ടിക-II

(9, 11, 12, 38-1, 39, 44, 45, 46, 47, 48, 48A, 49, 50, 51, 54, 57 വകുപ്പുകൾ കാണുക)

### ഭാഗം എ: സസ്തനികൾ

| ക്രമ നം. | പൊതുവായ നാമം | ശാസ്ത്രീയ നാമം |
|---|---|---|
| ** | ** ** | ** |
| | പ്രൈമേറ്റ്സ് | |
| 24. | നോർത്തേൺ പ്ലെയിൻസ് ഗ്രേ / ഹനുമാൻ ലാങ്കൂർ | സെംനോപിത്തെക്കസ് എൻറ്റെല്ലസ് |
| ** | ** ** | ** |